# റിയൽ ലൈഫ് വോയ്സ്

## REAL LIFE VOICE

Monthly

Volume 15
Issue 5

**May 2026**

Price:Rs.5/-
Pages 24

“അവനെ ഞങ്ങൾ അറിയിക്കുന്നതിൽ ഏത് മനുഷ്യനെയും ക്രിസ്തുവിൽ തികഞ്ഞവനായി നിറുത്തേണ്ടതിന് ഏതു മനുഷ്യനെയും പ്രബോധിപ്പിക്കുകയും ഏതു മനുഷ്യനോടും സകല ജ്ഞാനത്തോടും കൂടെ ഉപദേശിക്കയും ചെയ്യുന്നു. അതിനായി ഞാൻ എന്നിൽ ബലത്തോടെ വ്യാപരിക്കുന്ന അവന്റെ വ്യാപാരശക്തിക്ക് ഒത്തവണ്ണം പോരാടിക്കൊണ്ട് അധ്വാനിക്കുന്നു” **(കൊലൊസ്യർ 1:28–29)**

REAL LIFE VOICE
KOTTEKAD, KUTTUR P.O.,
THRISSUR, KERALA -680 013

# REAL LIFE VOICE

| Volume 15 | Issue 5 | May 2026 | Pages 24 | Rs.5/ |
| --- | --- | --- | --- | --- |

**Annual Subscription:** Rs.60/-



Editor:

**Dr. Sebastian M.V.** (PhD)

**Ph: 95 44 557 557**

**Email:** reallifekottekad@gmail.com

**Website:** www.reallifevoice.in



**Book No.**

**173**

## ഉള്ളടക്കം


| | പേജ് |
| --- | --- |
| • **ഡോപമിൻ, സെറോടോണിൻ...** | 3 |
| • **പ്രതികരണങ്ങൾ** | 6 |
| • **ആസ്യയിലെ ഏഴ് സഭകൾ** (27) | 7 |
| • **യോനാ (പുസ്തകപഠനം)** (22) | 10 |
| • **കുടുംബജീവിതം: പ്രായോഗികചിന്തകൾ**(7) | 13 |
| • **ഒരുമിച്ച് 50 വർഷങ്ങൾ** (Episode 7) | 16 |
| • **തട്ടും തലോടലും** (11) | 19 |
| • **ചോദ്യവും ഉത്തരവും** (42) | 20 |
| • **കാർട്ടൂൺ** (2) | 22 |
| • **വീടുകളിൽ പ്രാർത്ഥന** | 24 |


ഈ മാസികയുടെ ലക്ഷ്യം:
**സഭ, സമൂഹം എന്നിവയെക്കുറിച്ചുള്ള അഭിപ്രായപ്രകടനവും വചനപഠനവും**



# പത്രാധിപരുടെ കുറിപ്പ്
## (THE EDITOR'S NOTE)

**"നിങ്ങളോട് സത്യം പറയുന്നതുകൊണ്ട്
ഞാൻ നിങ്ങൾക്ക് ശത്രുവായിപ്പോയോ?" (ഗലാതൃർ 4:16)**

# ഡോപമിൻ
# സെറോടോണിൻ
# ഓക്സിടോസിൻ

നമ്മുടെ ജീവിതത്തെ സന്തോഷപൂരിതമാക്കുന്ന മൂന്നു ഹോർമോണുകളാണ് ഡോപമിൻ, സെറോടോണിൻ, ഓക്സിടോസിൻ എന്നാണ് മനശാസ്ത്രവും ആരോഗ്യശാസ്ത്രവും പറയുന്നത്. ഈ മൂന്നു ഹോർമോണുകൾ കൃത്യമായി നമ്മുടെ ശരീരത്ത് ഉല്പാദിതമായാൽ നാം വളരെ സന്തോഷവാന്മാരും മാനസികബലമുള്ളവരും ആയിത്തീരുമത്രേ.

**ഡോപമിൻ (Dopamine)**

ഈ ഹോർമോണിന്റെ അളവ് നമ്മുടെ ശരീരത്തിൽ കുറഞ്ഞാൽ നമുക്ക് സന്തോഷമില്ലായ്മയും ക്ഷീണവും അനുഭവപ്പെടും. 'പിന്നെയാകാം' എന്ന് പറഞ്ഞ് നാം പല കാര്യങ്ങളും അതതു സമയത്ത് ചെയ്യാതെ മാറ്റിവയ്ക്കും.

കൊച്ചുകൊച്ചുകാര്യങ്ങൾ നാം വിജയകരമായി ചെയ്താൽ ഈ ഹോർമോൺ ഉത്പാദനം നമ്മുടെ ശരീരത്തിൽ നടക്കും. മടി, അലസത എന്നിവയെല്ലാം ഒഴിവാക്കി നാം വളരെ പ്രയോജനമുള്ളവരാകും. മറ്റുള്ളവരെ ആത്മാർത്ഥമായി അഭിനന്ദിക്കുമ്പോഴും നമ്മെ മറ്റുള്ളവർ അഭിനന്ദിക്കുമ്പോഴും ഈ ഹോർമോണിന്റെ ഉത്പാദനം കൂടും.

അതികാലത്തെ എഴുന്നേൽക്കുന്നതും ബൈബിൾ വായിച്ചുധ്യാനിക്കുന്നതും സഭായോഗങ്ങളിൽ ആത്മാർത്ഥമായി പങ്കെടുക്കുന്നതും നമുക്ക് ചെയ്യാനുള്ള ജോലികൾ കൃത്യമായി ചെയ്തുതീർക്കുന്നതും നമ്മെ കൂടുതൽ കൂടുതൽ ഉന്മേഷമുള്ളവരാക്കും. മടി പിടിച്ചിരിക്കുന്നവരിലും, മൊബൈൽ നോക്കി ആവശ്യത്തിൽ കൂടുതൽ സമയം ചെലവഴിക്കുന്നവരിലും, കുറെ

സമയം ഉറങ്ങുന്നവരിലും ഈ ഹോർമോൺ ഉത്പാദനം കുറയുകയും ക്രമേണ അവർ ആർക്കും ഉപകാരപ്പെടാത്ത പാഴ്ജന്മങ്ങളായി മാറുകയും ചെയ്യും.

ചിലയാളുകൾ ഒരുപാട് കാര്യങ്ങൾ ചെയ്യുന്നതായി കാണാം. എങ്ങനെയാണ് ഇതെല്ലാം അവർക്ക് സാധിക്കുന്നത് എന്ന് അതിശയിക്കേണ്ടതില്ല. ഓരോ കാര്യം ചെയ്ത് വിജയിക്കുമ്പോഴും അവർക്ക് കൂടുതൽ കാര്യങ്ങൾ ചെയ്യാനുള്ള ഊർജ്ജം ലഭിക്കുന്നു. ഡോപമിന്റെ ഉത്പാദനം കൂടുന്നതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. അതുകൊണ്ട് ആരും മടിപിടിച്ചിരിക്കരുത്.

"വേല ചെയ്യാൻ മനസ്സില്ലാത്തവൻ തിന്നുകയുമരുത്" (2 തെസ. 3:10). എല്ലാവരും പ്രയോജനകരമായ രീതിയിൽ എന്തെങ്കിലും കാര്യങ്ങൾ ചെയ്യണം എന്ന് വചനം അതിശക്തമായി ഈ വാക്യത്തിലൂടെ നിർദ്ദേശിച്ചിരിക്കുന്നു. നല്ല ഉത്സാഹികളായി നാമേവരും കാണപ്പെടണം.

**സെറോടോണിൻ (Serotonin)**

ഈ ഹോർമോണിന്റെ കുറവുമൂലം ആളുകളിൽ ഉറക്കക്കുറവ്, ഉത്കണ്ഠ, അസംതൃപ്തി, അപകർഷബോധം, ആത്മവിശ്വാസമില്ലായ്മ എന്നിവയെല്ലാം ഉണ്ടാകുന്നു. മാത്രമല്ല, ആരോ തന്നെ കൊല്ലാൻ വരുന്നുവെന്ന തോന്നൽ പോലുള്ള അമിതചിന്തകളും ഉണ്ടാകുന്നു.

വീടിന്റെ പുറത്ത് സൂര്യപ്രകാശം ഏറ്റുകൊണ്ടുള്ള ജോലികൾ ചെയ്യുന്നതും വ്യായാമം ചെയ്യുന്നതും നടക്കുന്നതും എല്ലാം ഈ ഹോർമോണിന്റെ ഉത്പാദനം കൂട്ടും. ഇന്നത്തെ തലമുറ പകലും രാത്രിയും ഓൺലൈൻ ലോകത്ത് വിഹരിച്ച്, തളർന്ന് പുലർച്ചയാകുമ്പോഴാണ് ഉറങ്ങാൻ തുടങ്ങുന്നത്. കൃത്യമായി ഉറങ്ങാത്തവർ ജീവിതത്തിൽ പരാജയപ്പെടും. കൃത്യമായി ഉറങ്ങുന്നവരിൽ ഈ ഹോർമോൺ ഉത്പാദനം കൂടും.

"നിങ്ങളുടെ നടപ്പ് ദ്രവ്യാഗ്രഹമില്ലാത്തതായിരിക്കട്ടെ. ഉള്ളതുകൊണ്ട് തൃപ്തിപ്പെടുവിൻ" (എബ്രായർ 13:5). ദ്രവ്യാഗ്രഹവും അസംതൃപ്തിയും കുറേശ്ശെയായിട്ടാണ് നമ്മിൽ വേരുപിടിക്കുന്നത്. ഇവ വേരുപിടിക്കാൻ അനുവദിക്കരുത്. അനുവദിച്ചാൽ പിന്നെ അതിന്റെ വലയിൽനിന്ന് ഊരിപ്പോരാൻ ബുദ്ധിമുട്ടാണ്.

"വേല ചെയ്യുന്ന മനുഷ്യൻ അല്പമോ അധികമോ ഭക്ഷിച്ചാലും അവന്റെ ഉറക്കം സുഖകരമാകുന്നു" (സഭാപ്രസംഗി 5:12). ചെയ്യേണ്ട ജോലികൾ കൃത്യമായി ചെയ്താൽ നമ്മുടെ ഉറക്കം ശരിയാകും എന്നാണ് വചനം പറഞ്ഞിരിക്കുന്നത്.

**ഓക്സിടോസിൻ (Oxytocin)**

സ്നേഹബന്ധങ്ങൾ വളർത്താൻ സഹായകമായ ഹോർമോൺ ആണിത്. ഈ ഹോർമോൺ കുറഞ്ഞാൽ സഹോദരസ്നേഹം നഷ്ടപ്പെടും, ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള സ്നേഹം നഷ്ടപ്പെടും, ഏകാന്തജീവിതത്തോട് താത്പര്യം വരികയും ക്രമേണ വിഷാദരോഗത്തിന് അടിമപ്പെടുകയും ചെയ്യും.

സ്നേഹചുംബനം, ഹസ്തദാനം (ഷെയ്ക് ഹാൻഡ്), അടുത്തിരുന്ന് വർത്തമാനം പറയൽ ഇതെല്ലാം ഈ ഹോർമോണിന്റെ അളവ് കൂട്ടുന്ന കാര്യങ്ങളാണ്. കുടുംബത്തിലും സഭയിലും ഉണ്ടാകുന്ന സ്നേഹക്കുറവിന്റെ കാരണം നോക്കിയാൽ പരസ്പരം മിണ്ടാട്ടമില്ലാത്തതാണെന്ന് കാണാൻ കഴിയും. പരസ്പരം സംസാരിക്കാൻ സമയം കണ്ടെത്താത്തതു മൂലം ഈ ഹോർമോണിന്റെ ഉത്പാദനം കുറയുകയും സ്നേഹബന്ധത്തിൽ വിള്ളൽ വീഴുകയും ചെയ്യുന്നു.

“വിശുദ്ധചുംബനം കൊണ്ട് അന്യോന്യം വന്ദനം ചെയ്‌വിൻ” (റോമർ 16:16). യോഗ്യമായ വിധത്തിലുള്ള ഇത്തരം സ്വീകരണങ്ങൾ പരസ്പരമുള്ള സ്നേഹബന്ധത്തെ ശക്തമാക്കും. “സകലത്തിനും മുമ്പേ തമ്മിൽ ഉറ്റ സ്നേഹം ഉള്ളവരായിരിപ്പിൻ” (1 പത്രൊസ് 4:8). ഈ വാക്യങ്ങളെല്ലാം നാം അനുസരിച്ചാൽ ഓക്സിടോണിന്റെ ഉത്പാദനം കൂടും.

**ഉപസംഹാരം**

ബൈബിളിലെ നിർദ്ദേശങ്ങൾ നാം പാലിച്ചാൽ മതി. അപ്പോൾ ഈ ഹോർമോണുകൾ കൃത്യമായി പ്രവർത്തിക്കും. ആന്തരികസമാധാനവും സന്തോഷവും സംതൃപ്തിയും നമുക്ക് അനുഭവിക്കാൻ കഴിയും.

ഫിലിപ്പിയർ 4:7 “എന്നാൽ സകലബുദ്ധിയെയും കവിയുന്ന ദൈവസമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും നിനവുകളെയും ക്രിസ്തുയേശുവിങ്കൽ കാക്കും” ഈ ദൈവസമാധാനം കിട്ടുവാൻ നാം എന്ത് ചെയ്യണം? (1) കർത്താവിന് ഇഷ്ടമായ കാര്യങ്ങൾ ചെയ്ത് കർത്താവിൽ എപ്പോഴും സന്തോഷിക്കണം. 4:4 (ഡോപമിൻ ഉത്പാദിപ്പിക്കപ്പെടുന്നു); (2) ഒന്നിനെക്കുറിച്ചും വിചാരപ്പെടാതെ സൗമ്യരായി ഇരിക്കണം. 4:5,6 (സെറോടോണിൻ ഉത്പാദിപ്പിക്കപ്പെടുന്നു); ദൈവത്തോട് പ്രാർത്ഥനയാലും അപേക്ഷയാലും സ്തോത്രത്താലും അടുത്തുചെല്ലണം. 4:6 (ഓക്സിടോസിൻ ഉത്പാദിപ്പിക്കപ്പെടുന്നു). അങ്ങനെ, യാതൊരു ബുദ്ധികൊണ്ടും മനസ്സിലാക്കാൻ സാധിക്കാത്ത ദിവ്യസമാധാനം അതിശയമാംവിധം നമ്മിൽ നിറയും, നമ്മെ ഭരിക്കും.

**(എംവിഎസ്)**




**നിങ്ങളുടെ പ്രതികരണങ്ങൾ sms ആയോ, WhatsApp ആയോ അറിയിക്കുക. ഫോണിലൂടെ വിളിച്ചറിയിക്കാം. WhatsApp ൽ വോയ്സ് മെസേജ് ആയും അറിയിക്കാം. പേരും അഡ്രസ്സും എഴുതാൻ മറക്കരുത്.**

## Kuttappan K K, Rajakumari, Idukki

മാസികയിലെ എല്ലാ പംക്തികളും നല്ല നിലവാരം ഉള്ളതാണ്. ഇപ്പോൾ തുടങ്ങിയിരിക്കുന്ന കാർട്ടൂൺപംക്തിയും നന്നായി വരട്ടെ. കുറഞ്ഞ വാക്കുകളിലൂടെ കൂടുതൽ ആത്മീയകാര്യങ്ങൾ മനസ്സിലാക്കാൻ കഴിയുന്നു. ഈ ചെറിയ മാസിക എന്നെപ്പോലെ മറ്റനേകർക്കും പ്രയോജനപ്പെടട്ടെ എന്നാഗ്രഹിക്കുന്നു.

## K S Abraham, Koovappara, Ernakulam

താങ്കൾ ഒരു നന്മമരം തന്നെ – ആത്മികവും ഭൗതികവും ആയിട്ടുള്ള ഒത്തിരി നന്മകൾ നിറഞ്ഞ ഒരു വന്മരം. ചിട്ടയായ ഒരു ജീവിതത്തിനുടമ. അത് മറ്റുള്ളവരിലേക്കും പകർന്നു നൽകുന്നു. മാസികയിലും ഈ പ്രത്യേകതകൾ ഞങ്ങൾ ദർശിക്കുന്നുണ്ട്. പഠനത്തിനായി അടുക്കൽ വരുന്ന കുഞ്ഞുങ്ങൾക്കും താങ്കൾ വലിയ അനുഗ്രഹം തന്നെ. ദൈവം തുടർന്നും അനുഗ്രഹിക്കട്ടെ.

## Dr. P. C. Abraham, Gideons, Kerala

ഏപ്രിൽ മാസത്തെ മാസിക ഞാൻ വായിച്ചു. വളരെ മനോഹരമായിരിക്കുന്നു. എല്ലാ ലേഖനങ്ങളും മൂല്യമുള്ളതാണ്. എല്ലാ വിജയാശംസകളും നേരുന്നു.

## K M Kurien, Nilambur, Malappuram

ഞാനും ഭാര്യയും റിയൽ ലൈഫ് വോയ്സ് കിട്ടാൻ കാത്തിരിക്കുകയാണ്. കിട്ടിയാൽ ഞങ്ങൾ രണ്ടാളും വായിച്ചിട്ടു മാത്രമേ മറ്റുള്ളവർക്കു കൊടുക്കുകയുള്ളൂ. എല്ലാ ലേഖനങ്ങളും ഞങ്ങൾക്ക് വളരെ ഇഷ്ടമാണ്. ഒരു ശതമാനം പോലും വിയോജിപ്പ് ലേഖനങ്ങളിലെ ആശയങ്ങളോടില്ല.



# ആസ്യയിലെ 7 സഭകൾ

**27**

**വെളിപ്പാട് 2,3 അദ്ധ്യായങ്ങളിൽനിന്നുള്ള ചിന്തകൾ**

**ഡോ. എം. വി. സെബാസ്റ്റ്യൻ, തൃശ്ശൂർ**

## ഫിലദെൽഫ്യയിലെ സഭയ്ക്കുള്ള സന്ദേശം (വെളി. 3:7-13)

*ഫിലദെൽഫ്യയിലെ സഭയുടെ ദൂതന് എഴുതുക: വിശുദ്ധനും സത്യവാനും ദാവീദിന്റെ താക്കോലുള്ളവനും ആയി ആരും അടയ്ക്കാതവണ്ണം തുറക്കുകയും ആരും തുറക്കാതവണ്ണം അടയ്ക്കുകയും ചെയ്യുന്നവൻ അരുളിച്ചെയ്യുന്നത്: (3:7)*

ആസ്യയിലെ 7 സഭകളിൽ ആറാമത്തേതാണ് ഫിലദെൽഫ്യയിലെ സഭ.

**ഫിലദെൽഫ്യയിൽ സഭ രൂപം കൊണ്ടത് എന്ന്? എങ്ങനെ?**

ഇത് സംബന്ധിച്ച് കൃത്യമായ വിവരണം ബൈബിളിൽ ഇല്ല. ലഭ്യമായ സൂചനകൾ വിരൽ ചൂണ്ടുന്നത് പൗലൊസിലേക്കാണ്. അപ്പൊ.പ്രവൃ.19:9-10 ൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: "അവൻ (പൗലൊസ്).... തുറന്നൊസിന്റെ പാഠശാലയിൽ ദിനംപ്രതി സംവാദിച്ചുപോന്നു. അത് രണ്ട് സംവത്സരത്തോളം നടക്കയാൽ ആസ്യയിൽ പാർക്കുന്ന യെഹൂദന്മാരും യവനന്മാരും എല്ലാം കർത്താവിന്റെ വചനം കേൾപ്പാൻ ഇടയായി." ആസ്യയിൽ ഉൾപ്പെടുന്ന സ്ഥലമാണ് ഫിലദെൽഫ്യ.

**കുറ്റമില്ലാത്ത സഭ**

ഈ ഏഴ് സഭകളിൽ യാതൊരു കുറ്റവും പറയാനില്ലാത്ത രണ്ട് സഭകളാണുള്ളത് - സ്മുർന്നയിലെ സഭയും ഫിലദെൽഫ്യയിലെ സഭയും. കർത്താവിന് കുറ്റം പറയാനില്ലാത്ത നിലയിലും പ്രാദേശികസഭകൾക്ക് പ്രവർത്തിക്കാൻ കഴിയും എന്നതിന്റെ ഉദാഹരണങ്ങളാണ് ഈ രണ്ട് സഭകൾ. ദൈവമക്കൾ എന്ന് പേരുണ്ടെങ്കിലും തമ്മിൽ വഴക്കടിച്ചും, കള്ളക്കണക്കെഴുതി സമ്പാദിച്ചും കള്ളസാക്ഷ്യങ്ങൾ പറഞ്ഞ് ആളുകളെ പറ്റിച്ചും കൊണ്ട് ദൈവനാമത്തെ ദുഷിപ്പിച്ച് കഴിയുന്നവർ ചിന്തിച്ചുകൊള്ളട്ടെ.

**ഫിലദെൽഫ്യ എന്ന വാക്കിന്റെ അർത്ഥം**

ഫിലദെൽഫ്യ എന്ന ഗ്രീക്ക് പദത്തിന് സഹോദരസ്നേഹം (brotherly love) എന്നാണത്രേ അർത്ഥം. അവിടെ രൂപം കൊണ്ട സഭയിൽ സഹോദര സ്നേഹം ഉണ്ടായിരുന്നു. ഇല്ലെങ്കിൽ എന്താവും സ്ഥിതി? സ്ഥലത്തിന്റെ പേരിന്റെ അർത്ഥത്തിന് വിപരീതമായ സ്വഭാവം സ്ഥലംസഭയിലെ വിശ്വാ സികൾ കാണിച്ചാൽ അത് പരിഹാസവിഷയമായേനെ.

**കർത്താവ് സ്വയം പരിചയപ്പെടുത്തുന്നത്**

ഓരോ സഭയ്ക്കും കർത്താവ് തന്നെത്തന്നെ പരിചയപ്പെടുത്തുന്നത് വ്യത്യസ്തമായ നിലയിലാണല്ലോ. അതാത് സഭയുടെ നിലവാരമനുസരി ച്ചാണ് കർത്താവ് സ്വയം പരിചയപ്പെടുത്തുന്നത്. കുറവുകളുള്ള സഭയ്ക്ക് പരിചയപ്പെടുത്തുമ്പോൾ താക്കീതിന്റെ സ്വരവും, അല്ലാത്ത സഭയ്ക്ക് പ്രോത്സാഹനത്തിന്റെ സ്വരവും ആണ് കർത്താവ് ഉപയോഗിച്ചിരിക്കുന്നത്. എന്നെ അഭിസംബോധന ചെയ്തു സംസാരിച്ചാൽ കർത്താവിന്റെ സ്വരം എപ്രകാരമായിരിക്കും എന്ന് ഓരോരുത്തരും ചിന്തിക്കുന്നത് നല്ലതാണ്.

നാല് തരത്തിലാണ് കർത്താവ് സ്വയം പരിചയപ്പെടുത്തുന്നത്.

**1. വിശുദ്ധൻ**

തങ്ങൾ വിശ്വസിച്ചിരിക്കുന്ന കർത്താവ് വിശുദ്ധനാണ്. വിശുദ്ധിയിൽ ജീവിക്കുന്ന സഭയെ പ്രോത്സാഹിപ്പിക്കേണ്ടതിനു വേണ്ടിയാണ് കർത്താവ് ഇപ്രകാരം പരിചയപ്പെടുത്തുന്നത്. വിശുദ്ധജീവിതം നയിക്കാൻ ശ്രമിക്കു ന്നവരെയും അതിനായി ആഹ്വാനം ചെയ്യുന്നവരെയും നിരുത്സാഹപ്പെടു ത്തുന്ന ചില 'പ്രായോഗികവാദികളെ' കണ്ടിട്ടുണ്ട്. 'നാടോടുമ്പോൾ നടുവെ ഓടണം', 'ചേരയെ തിന്നുന്ന നാട്ടിൽ ചെന്നാൽ നടുഖണ്ഡം തിന്നണം' എന്നീ പഴഞ്ചൊല്ലുകൾ ഉദ്ധരിച്ച്, വിശുദ്ധജീവിതം നയിക്കാൻ ആഗ്രഹി ക്കുന്ന ദൈവജനത്തെ വഴിതെറ്റിക്കുന്നവരുണ്ട്.

ബൈബിളിൽ പറഞ്ഞിരിക്കുന്നതുപോലെ ജീവിക്കാൻ ശ്രമിച്ചാൽ നാം പട്ടിണിയായിപ്പോകുമെന്നും, ബിസിനസ്സും സഭയും തകർന്നുപോകുമെന്നു മെല്ലാം ഇക്കൂട്ടർ വാദിക്കുന്നു. പാപമുള്ള ഈ ശരീരത്തിൽ ജീവിച്ചുകൊണ്ട് സമ്പൂർണ്ണവിശുദ്ധി നമുക്ക് സാദ്ധ്യമല്ല എന്നത് ശരി തന്നെ (1 യോഹന്നാൻ 1:7–10). എങ്കിലും വിശുദ്ധജീവിതം നാം ആഗ്രഹിക്കുകയും അതിനായി പര മാവധി ശ്രമിക്കുകയും വേണമെന്നതാണ് ദൈവഹിതം.

**2. സത്യവാൻ**

താൻ സത്യവാനാണെന്നു പറഞ്ഞുകൊണ്ട് ദൈവജനവും സത്യത്തെ മുറുകെപ്പിടിക്കണമെന്ന സന്ദേശമാണ് കർത്താവ് തരുന്നത്. അസത്യം പ്രച

രിപ്പിക്കുന്നതിനും പറയുന്നതിനും യാതൊരു സങ്കോചവുമില്ലാത്ത ദൈവമക്കളെ കണ്ട് ഞാൻ പലപ്പോഴും നെടുവീർപ്പിടാറുണ്ട്. അഭിപ്രായവ്യത്യാസങ്ങളുണ്ടായാൽ, തങ്ങളുടെ ഭാഗത്തെ ന്യായീകരിക്കുന്നതിനുവേണ്ടി പച്ചക്കള്ളം മാത്രം പറഞ്ഞ് യുദ്ധം ജയിക്കാൻ നോക്കുന്ന ദൈവമക്കൾ! ആത്മികലോകത്ത് ഞാൻ ഉൾപ്പെട്ടുപോയ പല 'യുദ്ധങ്ങളും' ജയിക്കാൻ, അഥവാ എന്നെ തോൽപ്പിക്കാൻ എതിർഭാഗത്ത് നിന്നവർ ആയുധമാക്കിയത് നുണകളുടെ കൂമ്പാരമാണ്. ദൈവമക്കൾക്ക് യാതൊരു കുറ്റബോധവുമില്ലാതെ ഇപ്രകാരം നുണകൾ പറയാൻ എങ്ങനെ കഴിയുന്നു എന്ന് ഞാൻ പലപ്പോഴും അതിശയിക്കാറുണ്ട്.

സത്യത്തെ സ്നേഹിക്കുന്നവനാണ് കർത്താവ്. "ഞാൻ തന്നെ... സത്യവും... ആകുന്നു" (യോഹന്നാൻ 14:6). ദൈവമക്കളും സത്യത്തെ സ്നേഹിക്കണം. പിശാചിൽ സത്യമില്ല. അവൻ ഭോഷ്ക് പറയുന്നവനും അതിന്റെ അപ്പനും ആകുന്നു (യോഹന്നാൻ 8:44). സത്യം പ്രസ്താവിച്ചാൽ പലയിടത്തും തോറ്റുപോകുന്ന അവസ്ഥയുണ്ടാകാം. എന്നാലും സത്യം പറയണം. എന്നിട്ട് നമുക്കുണ്ടാകുന്ന തോൽവിയും അതുകൊണ്ടുണ്ടാകുന്ന നഷ്ടവും ദൈവം നോക്കിക്കൊള്ളും.

നമ്മുടെ കർത്താവ് വാഗ്ദത്തങ്ങളിലും വിശ്വസ്തനാണ്. പറഞ്ഞിട്ടുള്ളതെല്ലാം പാലിക്കും. "ദൈവത്തിന്റെ വാഗ്ദത്തങ്ങൾ എത്ര ഉണ്ടെങ്കിലും അവനിൽ ഉവ്വ് എന്നത്രേ" (2 കൊരിന്ത്യർ 1:19). ഫിലദെൽഫ്യാസഭയ്ക്ക് ചില വാഗ്ദാനങ്ങൾ കർത്താവ് കൊടുക്കാൻ പോകയാണ്. അതിനുമുൻപ് താൻ സത്യവാനാണെന്ന് അവരെ ഓർമ്മിപ്പിക്കുന്നു. അങ്ങനെ, പറയുന്ന കാര്യങ്ങൾ കർത്താവ് പാലിക്കും എന്ന ഉറപ്പ് അവർക്ക് ലഭിക്കുമല്ലോ.

### 3. ദാവീദിന്റെ താക്കോലുള്ളവൻ

താക്കോൽ അധികാരത്തെ കാണിക്കുന്നു. ആരെയെങ്കിലും അകത്ത് പ്രവേശിപ്പിക്കാനോ പുറത്തേക്ക് പറഞ്ഞുവിടാനോ ഉള്ള അധികാരം താക്കോലുള്ളവന്റെ പക്കലുണ്ട്. 'ദാവീദിന്റെ' എന്ന പദം കർത്താവിന്റെ രാജത്വത്തെ കാണിക്കുന്നതാണ്. ദാവീദിന്റെ താക്കോലുള്ളവൻ എന്ന പദപ്രയോഗത്തിലൂടെ തന്റെ പരമാധികാരത്തെയാണ് കർത്താവ് സൂചിപ്പിക്കുന്നത്. എന്തും ചെയ്യാൻ കെല്പുള്ളവൻ! ദാവീദിന്റെ താക്കോൽ മാത്രമല്ല, "മരണത്തിന്റെയും പാതാളത്തിന്റെയും താക്കോൽ എന്റെ കൈവശമുണ്ട്" എന്നു അരുളിച്ചെയ്തവനാണ് അവിടുന്ന് (വെളിപ്പാട് 1:18).

**(തുടരും)**

**നമ്മുടെ വെബ്സൈറ്റ് സന്ദർശിക്കുക**

**www.reallifevoice.in**

-എംവിഎസ്-

# യോനാ (പുസ്തക പഠനം)

22

**യോനാ 1:15**

**പിന്നെ അവർ യോനായെ എടുത്തു സമുദ്രത്തിൽ ഇട്ടുകളകയും സമുദ്രത്തിന്റെ കോപം അടങ്ങുകയും ചെയ്തു.**

പ്രശ്നക്കാരനെ അവർ കടലിലേക്ക് ഇട്ടുകളഞ്ഞു. സമുദ്രത്തിന്റെ കോപം അടങ്ങി. കപ്പലിന്റെ ആടിയുലച്ചിൽ നിന്നു. കപ്പലിലുള്ളവരുടെ പരിഭ്രാന്തിയും മരണഭീതിയും അവസാനിച്ചു. മറ്റുള്ളവരെ പ്രയാസപ്പെടുത്തുന്ന ഒരാളായി നാം ജീവിക്കരുത്. ചില ആളുകൾ ഇപ്രകാരമാണ്. അവർ കുടുംബത്തിൽ വന്ന് കയറിയാൽ അവിടെയുള്ള സമാധാനം നഷ്ടപ്പെടും. സഭയിൽ ചെന്നാൽ അവിടെയുള്ള സമാധാനം നഷ്ടപ്പെടും. ജോലി ചെയ്യുന്നിടത്ത് ചെന്നാൽ അവിടെയുള്ള സമാധാനവും നഷ്ടപ്പെടും. അവർ ഇറങ്ങിപ്പോയാൽ ആശ്വാസം!

ഇതാ യോനാ പോയിരിക്കുന്നു. ആശ്വാസമായി. നാം ഇല്ലാതാകുമ്പോൾ കൂടെയുള്ളവർക്ക് ആശ്വാസം തോന്നുകയോ! ഭർത്താവ് മരിച്ചാൽ ഭാര്യയ്ക്ക് ആശ്വാസം തോന്നിയാൽ... മകൻ മരിച്ചാൽ അപ്പന് ആശ്വാസം തോന്നിയാൽ... സ്വന്തം കടമകൾ നിർവഹിക്കുന്നതിൽ പരാജയപ്പെടുന്നവരുടെ കൊഴിഞ്ഞുപോക്ക് മറ്റുള്ളവർക്ക് ആശ്വാസം നൽകും. ഇവിടെ യോനാ തന്റെ കടമകൾ നിർവഹിക്കുന്നതിൽ പരാജയപ്പെട്ടുപോയി. അവനെ ഒഴിവാക്കിയതോടെ മറ്റുള്ളവർക്ക് സമാധാനമാവുകയും ചെയ്തു.

മറ്റുള്ളവരുടെ സമാധാനവും സ്നേഹവും തകർത്ത് സഭയാകുന്ന കപ്പലിൽ കഴിയുന്ന യോനാമാരെ എത്രയും വേഗം കടലിലേക്ക് എടുത്തു കളയാൻ (സഭയിൽനിന്ന് പുറത്താക്കാൻ) നേതൃത്വം ശ്രമിച്ചാൽ നന്ന്. ഇല്ലെങ്കിൽ കപ്പൽ തകരും. കപ്പലിലുള്ളവർ ചിതറും. കുറെ പേരൊക്കെ കപ്പൽയാത്ര എന്നേക്കുമായി അവസാനിപ്പിക്കുകയും ചെയ്യും.

**യോനാ 1:16**

**അപ്പോൾ അവർ യഹോവയെ അത്യന്തം ഭയപ്പെട്ട് യഹോവയ്ക്ക് യാഗം കഴിച്ചു നേർച്ചകളും നേർന്നു.**

കപ്പലിലുള്ള വിജാതീയർക്ക് യിസ്രായേലിന്റെ യഹോവയുടെ മഹത്വം

വ്യക്തമായി മനസ്സിലായിട്ടുണ്ട്. താന്താന്റെ ദേവനോട് നിലവിളിച്ചവർ (1:5) ഇപ്പോൾ യഹോവയ്ക്ക് യാഗം കഴിക്കുന്നു! യോനായുടെ അനുസരണക്കേടുകൊണ്ടുണ്ടായ ഒരു ഗുണം എന്നു വേണമെങ്കിൽ ഇതിനെ പറയാം. പക്ഷേ ഇത് കപ്പൽക്കാർക്ക് ഗുണമായിത്തീർന്നുവോ എന്നു സംശയമാണ്. അവർ യഹോവയുടെ മഹത്വം മനസ്സിലാക്കിയെന്നത് ശരി തന്നെ. അവർ യാഗം കഴിച്ചു എന്നതും ശരി തന്നെ. എന്നാൽ ആ മഹത്വമുള്ള യഹോവയ്ക്ക് അവർ തങ്ങളെത്തന്നെ സമർപ്പിച്ചുവോ എന്ന് നമുക്ക് പറയാൻ കഴിയില്ല.

ഇതുപോലെ കുറെ ആളുകളെ ഇക്കാലത്തും കാണാം. സഭയിൽ വരും. പ്രാർത്ഥനയിൽ പങ്കെടുക്കും. ഇതാണ് ശരി എന്നു നന്നായി അറിയാം. പക്ഷേ ഒരു അനുഭാവി എന്നതിൽ കവിഞ്ഞ് സഭയിലെ ഒരു അംഗം എന്ന നിലയിലേക്ക് മാറാൻ അവർ തയ്യാറല്ല. സുഹൃത്തായി തുടരാൻ തയ്യാറാണ്; സഹോദരനായി മാറാൻ തയ്യാറല്ല. സമ്പൂർണ്ണസമർപ്പണമുള്ളവരെയാണ് ദൈവത്തിന് താത്പര്യം.

**യോനാ 1:17**

**യോനായെ വിഴുങ്ങേണ്ടതിന് യഹോവ ഒരു മഹാമത്സ്യത്തെ കല്പിച്ചാക്കിയിരുന്നു. അങ്ങനെ യോനാ മൂന്നു രാവും മൂന്നു പകലും മത്സ്യത്തിന്റെ വയറ്റിൽ കിടന്നു.**

യോനായോട് കല്പിച്ചത് യോനാ ചെയ്തില്ലെങ്കിലും മഹാമത്സ്യത്തോട് കല്പിച്ചത് അത് അക്ഷരംപ്രതി അനുസരിച്ചു. യോനായുടെ പുസ്തകത്തിൽ അനുസരണക്കേട് കാണിച്ചത് യോനാ മാത്രമാണ്. മഹാമത്സ്യവും പുഴുവും കാറ്റും കടലും ആവണക്കുമെല്ലാം ദൈവം പറഞ്ഞത് അനുസരിച്ചു. എന്നാൽ യോനാ മാത്രം അനുസരിച്ചില്ല! അനുസരണക്കേടുമായി നാം മുന്നോട്ടു നീങ്ങുമ്പോൾ, ഈ പ്രപഞ്ചത്തിൽ ദൈവത്തെ അനുസരിക്കുന്ന കോടാനുകോടി ജീവികൾ ഉണ്ടെന്ന കാര്യം നാം മറക്കരുത്. അനുസരണം കെട്ടവർക്ക് മുമ്പിൽ ഒരു വെല്ലുവിളിയാണ് ആ ജീവികൾ.

യോനായുടെ പിന്നാലെ ദൈവം... അനുസരണക്കേട് കാണിച്ച യോനായുടെ പിന്നാലെ ദൈവം നടക്കുന്നു. അവനെ തിരിച്ചുവരുത്താൻ! മഹാമത്സ്യവും പുഴുവും പോലെയല്ല ദൈവത്തിന് യോനാ. നാം എല്ലാവരും അങ്ങനെയാണ്. ദൈവത്തിന് വിലയേറിയവരാണ്. നാം ദൈവത്തിന് വില കൊടുക്കുന്നില്ലെങ്കിലും ദൈവം നമുക്ക് മൂല്യം കാണുന്നു.

മഹാമത്സ്യം

യോനായെ വിഴുങ്ങിയ മഹാമത്സ്യം ഏതാണെന്ന കാര്യത്തിൽ തർക്കമുണ്ട്. കടലാന എന്നാണ് മത്തായി 12:40 ൽ കാണുന്നത്. അത് തിമിംഗലം

(whale) ആണോ സ്രാവ് (shark) ആണോ എന്ന കാര്യത്തിൽ അഭിപ്രായ വ്യത്യാസമുണ്ട്. ഇത്തരം ചർച്ചകൾ തർക്കങ്ങളായി മാറുന്നതും പോർവിളികളായി വികാസം പ്രാപിക്കുന്നതും നല്ല പ്രവണതയല്ല. യോനായെ ഒരു വലിയ മത്സ്യം (തിമിംഗലമോ സ്രാവോ ഏതുമാകട്ടെ) വിഴുങ്ങി എന്ന് നാം മനസ്സിലാക്കിയാൽ മതി.

**മൂന്നു രാവും മൂന്നു പകലും മത്സ്യത്തിന്റെ വയറ്റിൽ**

ഇത് വായിച്ച് യുക്തിവാദികളുടെ നെറ്റിയിൽ ചുളിവും വിയർപ്പും വരാറുണ്ടത്രേ! ഏകനായി മഹാത്ഭുതങ്ങൾ പ്രവർത്തിക്കുന്ന ഞങ്ങളുടെ ദൈവത്തിന് ഇതൊക്കെ നിസ്സാരമാണ് യുക്തിവാദികളേ...

അത്ഭുതം തന്നെയാണ് അത്. മത്സ്യത്തിന്റെ വയറ്റിലെ ദഹനരസം മൂന്നു ദിവസം യോനായെ പൊതിഞ്ഞില്ല. ഇര വയറ്റിലെത്തിയാൽ അതിനെ ദഹിപ്പിക്കുന്ന പ്രക്രിയ ആ മൂന്നു ദിവസം ദൈവം നിർത്തലാക്കി. ആ പാവം മത്സ്യം ഇരുമ്പ് വിഴുങ്ങിയതുപോലെ അത്യന്തം പരവശയായിത്തീർന്നിട്ടുണ്ടാകും. മൂന്നു ദിവസം യോനായ്ക്ക് പ്രാണവായു കിട്ടാൻ ബുദ്ധിമുട്ടുണ്ടായില്ല. വിശപ്പ് തോന്നിയില്ല. വയറ്റിൽ വന്നുപെട്ട 'സാധനം' ദഹിക്കാതെ കിടന്നത് ആ മത്സ്യത്തെ വീർപ്പ് മുട്ടിച്ചുകാണും. പരവേശം നിമിത്തം ആ മത്സ്യം സമുദ്രത്തിൽ അസ്വസ്ഥമായി നീന്തുക സ്വാഭാവികം. ഇതൊക്കെ ശരിയാണെങ്കിൽ, കപ്പലിന്റെ അവസ്ഥയായി മത്സ്യത്തിന് ഇപ്പോൾ!

ചിലരങ്ങനെയാണ്. കപ്പലിൽ കയറിയാൽ കപ്പലിലെ സമാധാനം നഷ്ടപ്പെടും. മത്സ്യത്തിന്റെ വയറ്റിൽ ചെന്നാൽ മത്സ്യത്തിന്റെ സമാധാനം നഷ്ടപ്പെടും. ദൈവത്തോട് പറ്റിച്ചേർന്നു നടന്നാൽ നാം എവിടെയും അനുഗ്രഹമാകും. അല്ലെങ്കിൽ എവിടെയും പ്രശ്നങ്ങൾക്ക് തിരികൊളുത്തുന്നവരായും മാറും.

**(തുടരും)**

**കഴിഞ്ഞ മാസം അയച്ച മാസികകളിൽ മടങ്ങിവന്നവ**

| Address | Reason |
|---|---|
| Rajan Mathew, Erattayar, Idukki | Not known |
| Jose C Mathew, Pilgrims, Trivandrum | Left |
| Charly Daniel, Angamaly, Ernakulam | Left |
| Paul Daniel, Angamaly, Ernakulam | Left |
| Sunil Daniel Charly, Angamaly, Ernakulam | Left |
| Jayaprasad, Poojappura, Trivandrum | Left |

**അഡ്രസ്‌ലിസ്റ്റിൽനിന്ന് ഈ അഡ്രസ്സ് നീക്കം ചെയ്തിട്ടുണ്ട്.**

# കുടുംബജീവിതം: ചില പ്രായോഗിക ചിന്തകൾ 7

**-എംവിഎസ്-**

വിവാഹജീവിതം പലപ്പോഴും അനുഗ്രഹിക്കപ്പെടാതെ പോകുന്നു. തുടക്കത്തിൽ തന്നെ ദൈവവചനത്തിൽ നിന്നും വ്യതിചലിച്ചുകൊണ്ടുള്ള ചില തെറ്റുകൾ സംഭവിച്ചുപോകുന്നുണ്ട്. താഴെപ്പറയുന്നവയാണവ:

**1. സ്ത്രീധനത്തെക്കുറിച്ചുള്ള ചർച്ച**

**2. നാട്ടുനടപ്പിനെക്കുറിച്ചുള്ള ചർച്ച**

**3. ഫോണിലൂടെയുള്ള ഇക്കിളി വർത്തമാനം**

**4. പുറമെനിന്നും ശ്രേഷ്ഠശുശ്രൂഷകനെ വരുത്തുന്നത്**

**5. ബ്യൂട്ടീഷന്റെയും വീഡിയോക്കാരുടെയും ഭരണം** (ഈ 5 കാര്യങ്ങളും നാം കഴിഞ്ഞ ലക്കങ്ങളിൽ ചിന്തിച്ചവയാണല്ലോ)

**6. നിഴലുകൾ വികൃതമാക്കുന്നത്**

(1) ദൈവം നിഴലുകൾ അവതരിപ്പിച്ചിട്ടുണ്ട്

"...ഇവ വരുവാനിരുന്നവയുടെ നിഴലത്രേ" (കൊലൊസ്യർ 2:17). എബ്രായർ 8:5 ലും 10:1 ലും ഇപ്രകാരം നിഴലുകളെക്കുറിച്ച് പറയുന്നുണ്ട്. ഭാവിയിൽ സംഭവിക്കാൻ പോകുന്ന കാര്യങ്ങളുടെ സാദൃശ്യങ്ങൾ (നിഴലുകൾ) അവതരിപ്പിക്കുന്ന രീതി നമ്മുടെ ദൈവത്തിനുണ്ട്. ഉല്പത്തിപ്പുസ്തകത്തിൽ, നോഹയും കുടുംബവും വെള്ളത്തിൽക്കൂടി രക്ഷ പ്രാപിച്ചത്, പിൽക്കാലത്ത് അവതരിപ്പിക്കാൻ പോകുന്ന സ്നാനത്തിന്റെ നിഴലായിരുന്നു (1 പത്രൊസ് 3:20,21). പുറപ്പാട് പുസ്തകത്തിൽ, പെസഹാകുഞ്ഞാട് അറുക്കപ്പെട്ടത്, പിൽക്കാലത്ത് സംഭവിക്കാൻ പോകുന്ന ക്രിസ്തുവിന്റെ യാഗത്തിന്റെ നിഴലായിരുന്നു (1 കൊരിന്ത്യർ 5:7).

(2) മനുഷ്യൻ ആ നിഴലുകളെ വികൃതമാക്കരുത്

നിരവധി നിഴലുകളാണ് ദൈവം തന്റെ വചനത്തിലൂടെ അവതരിപ്പിച്ചിരിക്കുന്നത്. ആ നിഴലുകളെ മനുഷ്യൻ യാതൊരു കാരണവശാലും വികൃതമാക്കരുത്. പെസഹാക്കുഞ്ഞാടിനെ അറുക്കുമ്പോൾ, അതിന്റെ ഒരു അസ്ഥിയും ഒടിക്കരുത് എന്ന് ദൈവം പ്രത്യേകം പറഞ്ഞിരുന്നു (പുറപ്പാട് 12:46). വർഷങ്ങൾക്കുശേഷം യേശു യാഗമായിത്തീർന്നപ്പോൾ അവിടുത്തെ

ഒരു അസ്ഥിയും ഒടിയാൻ പാടില്ല എന്ന ദൈവികതീരുമാനത്തിന്റെ നിഴലായിട്ടാണ് ദൈവം അങ്ങനെ കല്പിച്ചത്. സ്വന്തം ശരീരത്തിൽ അതിക്രൂരമായ പീഡനപരമ്പരകൾ സഹിക്കേണ്ടിവന്നിട്ടും കർത്താവിന്റെ ഒരു എല്ല് പോലും പൊട്ടാൻ ഇടയായില്ല! കൈകാലുകളിൽ കനമുള്ള ആണി തറച്ചപ്പോഴും, വിലാപ്പുറത്ത് കുന്തം കൊണ്ട് കുത്തിയപ്പോൾ പോലും ഒരു എല്ല് പോലും പൊട്ടിയില്ല. ഇക്കാര്യങ്ങളുടെ നിഴലായി, പെസഹാക്കുഞ്ഞാടിന്റെ ഒരു അസ്ഥിയും ഒടിക്കരുത് എന്ന് ദൈവം പറഞ്ഞു. ഈ വ്യവസ്ഥ ആരെങ്കിലും തെറ്റിച്ചിരുന്നുവെങ്കിൽ, അവൻ നിശ്ചയമായും ശിക്ഷിക്കപ്പെടുമായിരുന്നു.

(3) മോശെ നിഴലിനെ വികൃതമാക്കി; ശിക്ഷിക്കപ്പെടുകയും ചെയ്തു.

പാറയെ അടിക്കാൻ ദൈവം പറഞ്ഞു. മോശെ അത് ചെയ്തു. പാറ പിളർന്ന് വെള്ളമൊഴുകി (പുറപ്പാട് 17:6). എന്നാൽ മറ്റൊരവസരത്തിൽ, പാറയോട് കല്പിക്കാനാണ് ദൈവം പറഞ്ഞത്. അടിക്കേണ്ട കാര്യമില്ലായിരുന്നു. പക്ഷേ മോശെ പാറയെ അടിച്ചു! (സംഖ്യാ 20:7–11). വാസ്തവത്തിൽ ആ പാറ ക്രിസ്തുവിന്റെ നിഴലായിരുന്നു (1 കൊരിന്ത്യർ 10:4). ക്രിസ്തു അടികൊണ്ട് തകർക്കപ്പെടേണ്ടത് ഒരൊറ്റ തവണ മാത്രം. അതാണ് ക്രൂശിൽ സംഭവിച്ചത്. എന്നാൽ ക്രിസ്തു രണ്ടാമതൊരിക്കൽക്കൂടി അടികൊള്ളരുത്. തകർക്കപ്പെടരുത്. അതാണ് ദൈവേഷ്ടം. അതിന്റെ നിഴലായി, പാറയോട് കല്പിച്ചാൽ മതി എന്നു ദൈവം പറഞ്ഞു. പക്ഷേ മോശെ ആ പാറയെ രണ്ടുതവണ അടിച്ചു. നിഴലിനെ വികൃതമാക്കി.

ഇത് ക്ഷമിക്കാൻ ദൈവം തയ്യാറായില്ല. കനാൻദേശത്തേക്ക് മോശെ കടക്കുകയില്ല എന്നു ദൈവം പറഞ്ഞു. മോശെ കരഞ്ഞു, കെഞ്ചിപ്പറഞ്ഞു... പ്രയോജനമുണ്ടായില്ല. ദുഷ്ടനായ ആഹാബിനോട് ക്ഷമിച്ചവനും ദുഷ്ടരായ നിനെവേപട്ടണക്കാരോട് ക്ഷമിച്ചവനുമായ ദൈവം പക്ഷേ മോശെയോട് ക്ഷമിക്കാൻ തയ്യാറായില്ല. കരുണാമയൻ, കരുണാസാഗരം, കരുണാനിധി, കരുണാനദി, കരുണയിൻ കാതൽ എന്നൊക്കെ നാം പാടിപ്പുകഴ്ത്തുന്ന നമ്മുടെ ദൈവം മോശെയുടെ ഈ തെറ്റ് ക്ഷമിച്ചില്ല. കാരണം ദൈവം വച്ച നിഴലിനെ മോശെ വികൃതമാക്കിയത് അത്രയും ഗുരുതരമായ തെറ്റായിരുന്നു.

(4) വിവാഹനിശ്ചയവും വിവാഹവും വിവാഹജീവിതവും നിഴലുകളാണ്

യേശുക്രിസ്തുവും സഭയും തമ്മിലുള്ള ബന്ധത്തിന്റെ നിഴലുകളായിട്ടാണ് നമ്മുടെയിടയിലെ വിവാഹനിശ്ചയത്തെയും വിവാഹത്തെയും വിവാഹസദ്യയെയും വിവാഹജീവിതത്തെയും ബൈബിൾ അവതരിപ്പിച്ചിരിക്കുന്നത് (2 കൊരിന്ത്യർ 11:2; എഫെസ്യർ 5:31,32; വെളിപ്പാട് 19:9). അതുകൊണ്ട്

ഇതെല്ലാം ഉചിതമായും ചന്തമായും ചെയ്യണം. നിഴലുകളെ വികൃതമാക്കിയാൽ ശിക്ഷ ലഭിക്കുമെന്നുറപ്പാണ്.

(5) വിവാഹം എന്ന നിഴലിനെ വികൃതമാക്കുന്ന ചില രീതികൾ

1. ജീവിതത്തിലെ തിരക്കുകൾ മൂലം ചിലർ വിവാഹനിശ്ചയം ഒഴിവാക്കി വിവാഹം നടത്തുന്നു; 2. ചിലർ വിവാഹം ഇന്ന് രാവിലെയാണെങ്കിൽ വിവാഹനിശ്ചയം ഇന്നലെ വൈകുന്നേരം നടത്തുന്നു (വാസ്തവത്തിൽ വിവാഹനിശ്ചയവും വിവാഹവും തമ്മിൽ ചെറിയൊരു ഇടവേളയെങ്കിലും വേണം. ബൈബിളിലെ മാതൃകയാണത്); 3. ചിലരുടെ വിവാഹം നടത്തപ്പെടുന്നത് ഹണിമൂൺ വരെ കഴിഞ്ഞിട്ടാണ് (ഇരുവരും ഒരു ദേഹമായിത്തീരും എന്ന് വിവാഹവേദിയിൽ പറയാൻ സാധിക്കാത്ത അവസ്ഥ!); 4. ചിലർക്ക് വിവാഹനിശ്ചയവും വിവാഹവും വിവാഹസദ്യയും ഇല്ല. രജിസ്റ്റർ ഓഫീസിൽ പോയി ഒപ്പിട്ട് ഭാര്യാഭർത്താക്കന്മാരാകുന്നു.

5. ചിലർ ആദ്യരാത്രിയിൽ തന്നെ വിവരക്കേടുകൾ എഴുന്നള്ളിക്കും. “എന്നെ പേര് വിളിച്ചാൽ മതി” എന്നു പറയുന്ന ഭർത്താക്കന്മാർ! താൻ ഒരു പഴഞ്ചൻ അല്ലെന്നു കാണിക്കാനായിരിക്കാം ഇങ്ങനെ പറയുന്നത്. പക്ഷേ ബൈബിളിലെ രീതി അതല്ല. ‘ദൈവത്തിൽ പ്രത്യാശ വച്ചിരുന്ന വിശുദ്ധ സ്ത്രീ’യായ സാറാ, ഭർത്താവിനെ വിളിച്ചിരുന്നത് യജമാനൻ എന്നായിരുന്നു (1 പത്രൊസ് 3:5,6). ആദ്യരാത്രിയിൽ ഒരു യുവതിയെ തൊട്ടടുത്ത് കിട്ടുമ്പോഴേക്കും മതി മറന്ന് വിവരക്കേടുകൾ വലിച്ചുവാരി വിളമ്പരുത്. ഭർത്താവിനോടുള്ള സ്നേഹവും ബഹുമാനവും കാണിക്കുന്ന തരത്തിലുള്ള ഏതെങ്കിലും വാക്കുകൾ ഉപയോഗിച്ച് ഭാര്യമാർ തങ്ങളുടെ ഭർത്താക്കന്മാരെ വിളിക്കുകയാണ് വേണ്ടത്. (ഉദാ: ചേട്ടൻ, ചേട്ടായി, അച്ചായൻ, ചാച്ചൻ...)

**ഉപസംഹാരം**

വിവാഹം ഗംഭീരമായി നടത്തണം എന്നു ചിലർ ചിന്തിക്കും. മറ്റു ചിലരാകട്ടെ ചെലവു കുറച്ചുനടത്തണം എന്നു ചിന്തിക്കും. അവനവന്റെ പ്രാപ്തിയനുസരിച്ച് ചെയ്തുകൊള്ളുക. പക്ഷേ, എങ്ങനെയായാലും ദൈവനാമം മഹത്വപ്പെടണം. ദൈവികപ്രമാണങ്ങൾ ലംഘിക്കപ്പെടരുത്. ഓർക്കുക: നിഴലുകളെ വികൃതമാക്കരുത്. വികൃതമാക്കിയാൽ ആ കുടുംബജീവിതം അനുഗ്രഹിക്കപ്പെട്ടതായിരിക്കയില്ല. ഈ വക കാര്യങ്ങളിൽ തെറ്റ് പറ്റിയിട്ടുണ്ടെങ്കിൽ ദൈവത്തോട് ക്ഷമ ചോദിക്കുക.

**(തുടരും)**

**റിയൽ ലൈഫ് വോയ്സിന്റെ വാട്സാപ് ഗ്രൂപ്പിൽ ചേരുക**
**മാസിക അതിൽ നേരത്തേ ലഭിക്കും. 95 44 557 557 എന്ന നമ്പറിലേക്ക്**
**ഇപ്പോൾ തന്നെ വാട്സാപ് സന്ദേശമയയ്ക്കുക**

-എംവിഎസ്-

Episode 7

# ഒരുമിച്ച് 50 വർഷങ്ങൾ

(കുടുംബജീവിതത്തിൽ 50 വർഷമോ അതിലധികമോ പൂർത്തിയാക്കിയ വിശ്വാസികളായ ദമ്പതികളുമായുള്ള അഭിമുഖം)



മർത്തയും ജോസഫും (വെളിയംപുറത്ത് ഭവനം)

**തൃശ്ശൂർ ജില്ലയിലെ പൂമലയിലുള്ള യുണൈറ്റഡ് ക്രിസ്റ്റ്യൻ ചർച്ചിലെ അംഗങ്ങളാണ് ജോസഫും (89 വയസ്സ്), അദ്ദേഹത്തിന്റെ ഭാര്യ മർത്തയും (82 വയസ്സ്). കുടുംബജീവിതത്തിൽ 66 കൊല്ലം പൂർത്തിയാക്കി, ജീവിതം സന്തോഷത്തോടെ തുടരുന്ന പ്രിയ ദമ്പതികളുടെ വീട്ടിലേക്ക്, സഭാശുശ്രൂഷകനായ പാസ്റ്റർ സാജൻ പൂമലയോടൊപ്പം ചെന്ന് തയ്യാറാക്കിയ അഭിമുഖമാണിത്.**

*1. വിവാഹം?*

1960 ഫെബ്രുവരി 22-ാം തീയതി വട്ടായിയിലെ യാക്കോബായ പള്ളിയിൽ വച്ചായിരുന്നു ഞങ്ങളുടെ വിവാഹം.

*2. മക്കൾ?*

മക്കൾ നാല് പേർ - മൂന്ന് ആണും ഒരു പെണ്ണും. എല്ലാവരും വിവാഹിതരാണ്. ഓരോരുത്തർക്കും ഈരണ്ട് മക്കളുണ്ട്. അങ്ങനെ ആകെ 8 കൊച്ചുമക്കൾ. മൂന്ന് ആൺമക്കളിൽ ഒരാൾ ചില വർഷങ്ങൾക്കുമുമ്പ് മരിച്ചു. മറ്റു രണ്ട് ആൺമക്കളിൽ ഒരാൾ ന്യൂയോർക്കിൽ ഓർത്തഡോക്സ് അച്ചനാണ്. മറ്റൊരാൾ എസ്ഐ ആയി റിട്ടയർ ചെയ്തു. ആൺമക്കളും അവരുടെ കുടുംബങ്ങളും പള്ളിക്കാരായി തുടരുന്നു. പക്ഷേ ഞങ്ങളുടെ മകൾ സ്നാനപ്പെട്ടതാണ്. അവളും കുടുംബവും പെന്തെക്കോസ്തുവിശ്വാസത്തിൽ കഴിയുന്നു.

*3. വിശ്വാസം, സ്നാനം?*

ഞാൻ സുവിശേഷപ്രസംഗം കേട്ട് മാനസാന്തരപ്പെട്ടു. 1989 ൽ മാറ്റാംപുറം ചർച്ച് ഓഫ് ഗോഡിൽ സ്നാനപ്പെട്ടു. എന്റെ ഭാര്യ വിശ്വവാണിയുടെ റേഡിയോ പ്രഭാഷണം കേട്ടാണ് മാനസാന്തരപ്പെട്ടത്. 1997 ജൂലായ് 10-ാം തീയതി പൂമല ക്രിസ്റ്റ്യൻ ചർച്ചിന്റെ കീഴിൽ സ്നാനപ്പെട്ടു. കഴിഞ്ഞ 29 വർഷമായി ആ സഭാബന്ധത്തിൽ തുടരുന്നു.



**പാസ്റ്റർ സാജൻ പൂമല, എം. വി. സെബാസ്റ്റ്യൻ, മർത്തഅമ്മച്ചി, ജോസഫ് അപ്പച്ചൻ എന്നിവർ സംഭാഷണത്തിൽ (എന്റെ മകൾ പ്രിൻസി സെബാസ്റ്റ്യൻ പകർത്തിയ ചിത്രം)**

*4. വിവാഹത്തിന്റെ പശ്ചാത്തലം?*

ഞങ്ങൾ രണ്ടുകൂട്ടരുടെയും വീട്ടുകാർ തൊടുപുഴയിൽ നിന്ന് ഇവിടെ വന്ന് താമസിച്ചവരാണ്. മലയാളമാസം 1124 ൽ (ഇംഗ്ലീഷ് കലണ്ടർ പ്രകാരം 1949 ൽ) രണ്ടു വീട്ടുകാരും വട്ടായിയിൽ വന്ന് അടുത്തടുത്ത് വീടുവച്ച് താമസിച്ചു. അന്ന് എനിക്ക് 12 വയസ്സായിരുന്നു. ഇവൾക്ക് 5 വയസ്സും. വീട്ടുകാർ തമ്മിലുള്ള അടുപ്പം നിമിത്തം, പത്ത് വർഷങ്ങൾ കഴിഞ്ഞപ്പോൾ, അവർ തന്നെ ആലോചിച്ച വിവാഹമാണ് ഞങ്ങളുടേത്.

*5. ഉപജീവനമാർഗ്ഗം?*



കൃഷിയാണ്. ഈ പ്രായത്തിലും ഞങ്ങൾ പറമ്പിലേക്കിറങ്ങി കൃഷികാര്യങ്ങൾ ശ്രദ്ധിക്കാറുണ്ട്.

*6. പരസ്പരം വഴക്ക് കൂടാറുണ്ടോ?*

വഴക്ക് കൂടാറുണ്ട്. അപ്പോൾ തന്നെ അത് അവസാനിപ്പിക്കുകയും ചെയ്യും. അടിയും തല്ലും ഒന്നുമില്ല. ഒരാൾ പറഞ്ഞതും ചെയ്തതും അടുത്തയാൾക്ക് ഇഷ്ടപ്പെടാതെ വന്നാൽ അതു തുറന്നു പറയും. അങ്ങനെ ചില അഭിപ്രായവ്യത്യാസങ്ങൾ... അത് ഉടനെ പരിഹരിക്കുകയും ചെയ്യും.

*7. ഇന്നത്തെ കുടുംബജീവിതങ്ങൾ പലതും പെട്ടെന്നു തകരുന്നതായി കണ്ടുവരുന്നു. 66 വർഷം പിന്നിട്ട നിങ്ങളുടെ കുടുംബജീവിതം മറ്റുള്ളവർക്ക് മാതൃകയാണ്. നല്ല രീതിയിൽ കുടുംബജീവിതം മുന്നോട്ടു കൊണ്ടുപോകുന്നതിന് സഹായകമായി എന്തെല്ലാം നിർദ്ദേശങ്ങളാണ് പറയാനുള്ളത്?*

ഭാര്യയും ഭർത്താവും വിശ്വാസികളായിരിക്കണം. രണ്ടുപേരും വിട്ടുവീഴ്ചകൾക്ക് തയ്യാറാകണം. പരസ്പരം സ്നേഹിക്കണം.

*8. പ്രായമായില്ലേ? സഭായോഗങ്ങൾക്ക് പോകാൻ കഴിയാറുണ്ടോ?*

ആദ്യമൊക്കെ സഭയുടെ എല്ലാ പരിപാടികൾക്കും പോകുമായിരുന്നു. ഇപ്പോൾ ഞായറാഴ്ചയുള്ള സഭായോഗങ്ങൾക്ക് മാത്രമേ പോകുന്നുള്ളൂ. മുമ്പൊക്കെ നടന്നാണ് പോയിരുന്നത്. ഇപ്പോൾ ഓട്ടോ വിളിച്ച് പോകും. ഞായറാഴ്ചയോഗങ്ങൾ മുടക്കാറില്ല.

*9. അടുത്ത ചോദ്യം അപ്പച്ചനോടും അമ്മച്ചിയോടുമല്ല. നിങ്ങളുടെ സഭാ ശുശ്രൂഷകനായ സാജൻപാസ്റ്ററോടാണ്. എന്താണ് ഇവരെക്കുറിച്ചുള്ള അഭിപ്രായം?*

(സാജൻ പാസ്റ്റർക്ക് അവരെക്കുറിച്ച് പറയാൻ സന്തോഷം. അഭിമാനം. അദ്ദേഹം അവരെക്കുറിച്ച് പറഞ്ഞത് താഴെ കൊടുക്കുന്നു)

ആരാധനായോഗങ്ങൾ പരമാവധി മുടക്കാത്ത കുടുംബമാണിത്. ഇവരുടെ വീടിന്റെ മുകളിലെ നിലയിൽ ഇടയ്ക്കിടെ യോഗങ്ങൾ ക്രമീകരിക്കാറുണ്ട്. സമയകൃത്യത പാലിക്കാറുണ്ട്. യോഗങ്ങൾക്ക് ഒരിക്കലും വൈകി വരാറില്ല. എപ്പോൾ വേണമെങ്കിലും ഭവനപ്രാർത്ഥന ഇവരുടെ വീട്ടിൽ വയ്ക്കാൻ ഇവർ തയ്യാറാണ്. കർത്താവിന്റെ വേലയ്ക്ക് വേണ്ടി ചെലവഴിക്കാൻ യാതൊരു മടിയുള്ളവരുമല്ല.



പ്രിയ വായനക്കാരേ, പ്രിയ യൗവനക്കാരേ, കുടുംബജീവിതം കുട്ടിക്കളിയല്ല. നിസ്സാരകാരണങ്ങളുടെ പേരും പറഞ്ഞ് തല്ലിപ്പിരിയാൻ വേണ്ടിയുള്ളതല്ല. പരസ്പരം സ്നേഹിച്ചും ക്ഷമിച്ചും ഒരുമിച്ചിരുന്ന് പ്രാർത്ഥിച്ചും ആത്മികകാര്യങ്ങൾക്ക് പ്രത്യേകം ഉത്സാഹം കാട്ടിയും മുന്നേറണം. ഈ ദമ്പതികൾ യോഗങ്ങൾക്ക് വൈകി വരാറില്ല എന്ന സാക്ഷ്യം നാം പ്രത്യേകം ശ്രദ്ധിക്കണം. യോഗങ്ങൾക്ക് വൈകിവരുന്നത് വിഐപിമാരാണ്. കർത്താവുൾപ്പെടെയുള്ളവർ അവിടെ ആഗതരായിരിക്കുമ്പോഴാണോ ചിലർ വിഐപി കളിക്കുന്നത്? നമ്മുടെ കുടുംബജീവിതം ദൈവഭയത്താൽ തിളക്കമുള്ളതാകട്ടെ. ❍

# തട്ടും തലോടലും

-എംവിഎസ്-

11

**കാന്റർബറി ആർച്ച് ബിഷപ്പ് ആയി സാറ മുലാലി അഭിക്ഷിക്തയായി. ആംഗ്ലിക്കൻസഭയുടെ മേധാവിയാകുന്ന ആദ്യത്തെ വനിത. കാന്റർബറി കത്തീഡ്രലിന്റെ പടിഞ്ഞാറേ വാതിലിൽ സാറാ മൂന്നു തവണ മുട്ടും. അപ്പോൾ അകത്തുനിന്ന്, ആരാണ്? എന്തിനുവന്നു? എന്നു ചോദിക്കും. അപ്പോൾ ക്രിസ്തുവിൽ സമർപ്പിച്ച ജീവിതസാക്ഷ്യം വിനയപൂർവ്വം അറിയിക്കണം. അപ്പോൾ ആ വാതിൽ അവരുടെ മുമ്പാകെ തുറക്കും (പത്രവാർത്ത മാർച്ച് 25, 2026)**

ഇതെന്താ വല്ല നാടകമാണോ? ബിഷപ്പാകാനുള്ള യോഗ്യതകൾ ബൈബിളിൽ പറഞ്ഞിട്ടുണ്ട് (1 തിമൊ. 3-ാം അദ്ധ്യായം). അതൊന്നും വക വയ്ക്കാതെ നാടകം കളിച്ച് ഒരു സ്ത്രീയെ ബിഷപ്പാക്കുന്നു! വചനത്തോട് അല്പമെങ്കിലും ഒരു ഇത്... അതയാത് ആദരവ്... കാണിച്ചെങ്കിൽ...

**മുഖ്യമന്ത്രി ശ്രീ പിണറായി വിജയന്റെ പ്രതിഛായ മിനുക്കാനായി നടൻ മോഹൻലാലുമായി നടത്തിയ അഭിമുഖത്തിന് സർക്കാർ ഖജനാവിൽനിന്ന് ചെലവാക്കിയത് 11.21 ലക്ഷം രൂപ (പത്രവാർത്ത മാർച്ച് 25, 2026)**

ആ പണം ഏതെങ്കിലും ജനക്ഷേമപരിപാടിക്ക് ചെലവാക്കിയിരുന്നുവെങ്കിൽ പ്രതിഛായ കുറച്ചുകൂടി കൂടുമായിരുന്നു. പൊതുജനത്തിന്റെ നികുതിപ്പണമെടുത്ത് ചെലവാക്കുമ്പോൾ കുറച്ചുകൂടി സൂക്ഷ്മത കാണിക്കണം.

**2026 ജനുവരി 25 ന് ആസിഫും (28) അറഫാ (22)യും തമ്മിലുള്ള വിവാഹം. രണ്ട് മാസമാകുമ്പോഴേക്കും ആസിഫ് അറസ്റ്റിലായി. കുറ്റം: ഭാര്യയുടെ മുഖത്ത് അടിച്ചു. മുതുകിൽ ചവിട്ടി. വലതുകാൽമുട്ട് ചവിട്ടി പൊട്ടിച്ചു. കുപ്പികൊണ്ട് നെഞ്ചിലും വാരിയെല്ലിലും അടിച്ചു. അറഫയുടെ വാരിയെല്ലിനും നെഞ്ചിനും വലതുകാൽമുട്ടിനും ഗുരുതര പരുക്കുണ്ട്. (പത്രവാർത്ത മാർച്ച് 25, 2026)**

ഇങ്ങനെയൊക്കെ ഭാര്യയോട് ചെയ്താലേ ആണാവുകയുള്ളൂ എന്നാണ് ചില ഷണ്ഡന്മാരായ ഭർത്താക്കന്മാരുടെ വിചാരം. തിരിച്ച് തല്ലില്ല എന്ന് ഉറപ്പുള്ളിടത്തു മാത്രമേ ഇവനൊക്കെ അടക്കാനാകാത്ത പ്രഷറും ദേഷ്യവും കാണിക്കുകയുള്ളൂ. നല്ല ആണുങ്ങൾ മുന്നിൽ വന്നാൽ, രണ്ട് കാലിന്നിടയിൽ വാല് തിരുകി നിൽക്കുന്ന പട്ടിയെപ്പോലെ ഇവൻ നിൽക്കുന്നത് കാണാം.

# 42 ചോദ്യവും ഉത്തരവും

**-എംവിഎസ്-**

? *ആവർത്തനം 33:8 ൽ കാണുന്ന ഊറീമും തുമ്മീമും എന്താണെന്നു മനസ്സിലാക്കിത്തരാമോ?*

**മറുപടി:**

പഴയനിയമത്തിൽ പുറപ്പാട് 28:30 ആണ് ഊറീമും തുമ്മീമും സംബന്ധിച്ച ആദ്യവാക്യം. നെഹമ്യാവ് 7:65 ആണ് അവസാനവാക്യം. പുരോഹിതൻ ധരിക്കേണ്ട വസ്ത്രമാണ് ഏഫോദ് (പുറ.28:6). ഏഫോദിന്റെ നടുക്കെട്ടിനു മീതെയായി ന്യായവിധിപ്പതക്കം പിടിപ്പിക്കണം (28:28). അത് തുണികൊണ്ട് ഉണ്ടാക്കിയതാണ് (28:15). അതിന് സമചതുരാകൃതിയാണ്. അത് മടക്കി ഉള്ളിൽ അറ വരത്തക്കരീതിയിലാണ് (28:16) (ഇരട്ട എന്നതിന് folded double എന്നാണ് പല ഇംഗ്ലീഷ് ബൈബിളുകളും തർജ്ജമ ചെയ്തിരിക്കുന്നത്. അത് ഉള്ളിൽ അറ വരത്തക്കരീതിയിൽ മടക്കിയെന്ന് മനസ്സിലാക്കാം)

ഈ ന്യായവിധിപ്പതക്കത്തിന്റെ ഉള്ളിൽ (ഉള്ളിലെ അറയിൽ) വയ്ക്കേണ്ടതാണ് ഊറീമും തുമ്മീമും (28:30). ഇവ എപ്രകാരമുള്ള വസ്തുക്കളായിരുന്നു എന്നു നമുക്കറിഞ്ഞുകൂടാ. തുണിയാണോ, ചട്ടയാണോ, രത്നക്കല്ലാണോ എന്നൊന്നും ബൈബിളിൽ പറഞ്ഞിട്ടില്ല. ദൈവഹിതം എന്താണെന്നു മനസ്സിലാക്കാനാണ് ഇവ ഉപയോഗിച്ചിരുന്നത് (സംഖ്യ 27:21, 1 ശമുവേൽ 28:6). എന്നാൽ ഇവ ഉപയോഗിച്ച് എങ്ങനെയാണ് ദൈവേഷ്ടം കണ്ടെത്തിയിരുന്നത് എന്നതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല. ചീട്ട് ഇടുന്നതുപോലെയാണോ, അതോ മറ്റെന്തെങ്കിലും മാർഗ്ഗമാണോ എന്ന് വ്യക്തമല്ല.

കാലക്രമത്തിൽ ഊറീമും തുമ്മീമും നഷ്ടപ്പെട്ടു. ഒരു കൂട്ടരുടെ കാര്യത്തിൽ തീർപ്പ് കൽപ്പിക്കാനാകാതെ, ഊറീമും തുമ്മീമും ഉള്ള പുരോഹിതൻ എഴുന്നേൽക്കുംവരെ അവരെ അകറ്റിനിർത്തിയ കാര്യം എസ്രാ 2:63 ലും നെഹമ്യാവ് 27:21 ലും പറയുന്നു. അപ്പോൾ ഊറീമും തുമ്മീമും അന്നേരം പുരോഹിതന്റെ കൈവശമില്ല എന്നു വ്യക്തമായല്ലോ. ബാബേൽ രാജാവായ നെബൂഖദ്നേസെരിന്റെ ആക്രമണം, തുടർന്നുള്ള പ്രവാസജീവിതം ഇവയുടെ ഇടയിൽ എപ്പോഴോ അവ നഷ്ടമായി.

പിന്നീട് ഊറീമും തുമ്മീമും കണ്ടുകിട്ടിയതായി രേഖയില്ല. അതുകൊണ്ട് ദൈവം തന്റെ ഹിതം ദർശനം കൊണ്ടോ പ്രവാചകന്മാരെക്കൊണ്ടോ വെളിപ്പെടുത്തിയിരിക്കാനാണ് സാധ്യത.

? *ശദ്രക്കിനേയും കൂട്ടരേയും തീച്ചൂളയിലിട്ടപ്പോൾ ദാനിയേൽ എവിടെയായിരുന്നു? ദാനിയേലിനെ സിംഹക്കുഴിയിൽ ഇട്ടപ്പോൾ ശദ്രക്കും കൂട്ടരും എവിടെയായിരുന്നു?* **(ബിന്നു ഏലിയാസ്)**

**മറുപടി:**

തീച്ചൂളയിൽ ഇട്ട സംഭവം

ദാനിയേലിന്റെ പുസ്തകം 3-ാം അദ്ധ്യായത്തിലാണ് ശദ്രക്ക്, മേശെക്ക്, അബേദ്നെഗോ എന്നിവരെ എരിയുന്ന തീച്ചൂളയിൽ ഇട്ടുകളഞ്ഞ സംഭവം രേഖപ്പെടുത്തിയിരിക്കുന്നത്. നെബൂഖദ്നേസർ പൊന്നുകൊണ്ടുണ്ടാക്കിയ ബിംബത്തിന്റെ പ്രതിഷ്ഠയാണ് സന്ദർഭം. ആ ബിംബത്തെ നമസ്കരിക്കാത്തതാണ് ഇവരുടെ മേലുള്ള കുറ്റം. ഇവർ മൂന്നു പേരും ദാനിയേലും ഒരുമിച്ചായിരുന്നു (1:6). എന്നിട്ട്  ഈ മൂന്നുപേരെ തീച്ചൂളയിൽ ഇടുന്ന സമയത്ത് ദാനിയേൽ എവിടെയായിരുന്നു എന്ന ചോദ്യം വളരെ പ്രസക്തമാണ്.

വ്യക്തമായ ഉത്തരം ബൈബിളിൽ ഇല്ലാത്തതുകൊണ്ട് രണ്ട് സാധ്യതകൾ പറയാം. ദാനിയേലിനെ അത്യന്തം വിശാലമായ ബാബേൽ സംസ്ഥാനത്തിന്റെ അധിപതിയും മഹാനും സകല അധികാരികളുടെയും പ്രധാന വിചാരകനും ആക്കിയതായി 2:48,49 ൽ കാണാം. മറ്റു മൂന്നു പേർക്കുള്ള സ്ഥാനത്തേക്കാൾ വലിയ സ്ഥാനവും ഉത്തരവാദിത്തവും ആണ് ദാനിയേലിന് ഉണ്ടായിരുന്നത്. ദാനിയേൽ കൊട്ടാരത്തിന്നകത്ത് തന്നെയാണ് താമസിച്ചിരുന്നത് (2:49). ഈ കാര്യങ്ങൾ പരിഗണിക്കുമ്പോൾ, നമുക്ക് പറയാൻ കഴിയുന്ന രണ്ട് സാധ്യതകൾ താഴെപ്പറയുന്നവയാണ്:

(1) ആ സമയത്ത് ദാനിയേൽ സാമ്രാജ്യത്തിന്റെ മറ്റെതെങ്കിലും ഭാഗത്ത് കാര്യനിർവഹണത്തിനായി പോയി. (2) ബിംബത്തെ നമസ്കരിക്കാൻ വരേണ്ടവർ ആരൊക്കെ എന്ന് 3:2 ൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്. അതിനേക്കാൾ ഉന്നതപദവി ദാനിയേലിന് ഉണ്ടായിരുന്നതുകൊണ്ട് അദ്ദേഹം വന്നില്ല.

സിംഹക്കുഴിയിൽ ഇട്ട സംഭവം

ദാനിയേൽ 6-ാം അദ്ധ്യായത്തിലാണ് ഈ സംഭവം കാണുന്നത്. അപ്പോഴേക്കും കൽദയരിൽനിന്നും മേദ്യർ രാജ്യം പിടിച്ചെടുത്തിരുന്നു. തീച്ചൂളയിലിട്ട സംഭവം കഴിഞ്ഞ് 60 ഓ 70 ഓ കൊല്ലങ്ങൾ കഴിഞ്ഞിട്ടാണ് ഈ സംഭവം നടന്നത്. ഇവിടെ ശദ്രക്കും കൂട്ടരും കാണാത്തതിനുള്ള സാധ്യതകൾ താഴെപ്പറയുന്നവയാണ്:

(1) ആ സമയത്ത് 80 തിലധികം വയസ്സ് പിന്നിട്ട അവർ മരിച്ചിരിക്കാം; (2) ഭരണം മാറിയതുകൊണ്ട് അവരെ അധികാരത്തിൽനിന്ന് മാറ്റിയിരിക്കാം; (3) അവർ രാജ്യത്തിന്റെ വേറെ ഏതെങ്കിലും ഭാഗത്തായിരിക്കാം. ❍


ദേ പത്രത്തിൽ വായിച്ചോ... ഭർത്താവ് ഭാര്യയെ അടിച്ചൂന്ന്...
മുതുകിൽ ചവിട്ടി... മുട്ടുകാല് തല്ലിയൊടിച്ചു... വാരിയെല്ല് ചവുട്ടിയൊടിച്ചു...
നെഞ്ചത്ത് കുപ്പികൊണ്ടടിച്ചു. ഭാര്യയ്ക്ക് ഗുരുതരപരിക്ക്...
നന്നി വേണമെടീ പന്നി... ഭാര്യയെ തല്ലാത്ത എന്നെപ്പൊലൊരു ഭർത്താവിനെ കിട്ടിയതിന്...
തന്റെ കേട് ഞാനിപ്പൊ മാറ്റിത്തരാം.
ലിവറേ, ഞാൻ വെറുതെ... ഒരു തമാശയ്ക്ക്... ന്റെ പൊന്നും കുടമേ ക്ഷമി...
ന്റെ ചക്കരക്കുട്ടാ, ന്റെ തങ്കക്കുടമേ, പുതപ്പെല്ലാം തല്ലി അലക്കിയോ?
ഇല്ലാലോ
പോയി അലക്കെടോ!
അടുക്കളക്കാര്യങ്ങളിൽ സഹായിക്കാനല്ലേ കോടതി പറഞ്ഞത്? അലക്ക്കല്ല് ഇരിക്കുന്നത് അടുക്കളയിൽ അല്ലല്ലോ...
MVS

## www.reallifevoice.in

**ഡോ. എം. വി. സെബാസ്റ്റ്യന്റെ കൃതികൾ**

1. വിശ്വാസവും സ്നാനവും: ഒന്നാം നൂറ്റാണ്ടിൽ എങ്ങനെയായിരുന്നു?
2. മൂപ്പൻ
3. സഭ
4. പരിശുദ്ധാത്മാവ്
5. യോവേൽ (പുസ്തകപഠനം)
6. ഓബദ്യാവ് (പുസ്തകപഠനം)
7. മീഖാ (പുസ്തകപഠനം)
8. ഹബക്കൂക് (പുസ്തകപഠനം)
9. കുടുംബജീവിതം
10. മൂലഭാഷകളൂടെ സൗന്ദര്യം
11. ചോദ്യവും ഉത്തരവും
12. തലമുറകൾ
13. മഹാകവി കെ. വി. സൈമൺ
14. തൃശ്ശൂരിലെ താരപ്പേട്ടൻ അഥവാ സി. വി. താരപ്പൻ
15. തിരുവട്ടാർ കൃഷ്ണൻകുട്ടി: പ്രസംഗപീഠത്തിലെ ബാലസിംഹം
16. സൺഡേസ്കൂൾ പാഠങ്ങൾ (ഭാഗം 1)
17. ഖുർആൻഃ ആത്മാർത്ഥതയില്ലാത്ത അവകാശവാദങ്ങൾ
18. ഇമ്മാനുവിന്റെ സംശയങ്ങൾ
19. ചിന്തകൾ പന്തങ്ങളാകുമ്പോൾ (എന്റെ ഡയറിക്കുറിപ്പുകൾ)
20. സത്യം തേടി...
21. പുതിയനിയമത്തിലൂടെ യാത്ര ചെയ്യുമ്പോൾ...
22. റോമർ 16-ാം അദ്ധ്യായത്തിലെ ദൈവമക്കൾ
23. Faith and Baptism: How Was It Taught and Practiced in the First Century?
24. The Search for Truth
25. Youth and Mental Health
26. Suicide and Its Causes: What Does the Bible Say?

**ഈ പുസ്തകങ്ങൾ ആവശ്യമുള്ളവർക്ക് വെബ്സൈറ്റിൽനിന്നു നേരിട്ട് അവ download ചെയ്യാവുന്നതാണ്. അല്ലെങ്കിൽ നിങ്ങളുടെ വാട്സാപ് നമ്പറിൽ ആവശ്യപ്പെടുക. അപ്പോൾ ആവശ്യമുള്ള പുസ്തകങ്ങളുടെ pdf ആ വാട്സാപ് നമ്പറിലേക്ക് ഞങ്ങൾ അയച്ചുതരുന്നതാണ്.**

Press Registrar of General of India under No. KERMAL/2012/54719

Price: Rs.5/-

**ആനുകാലികം**

## വീടുകളിൽ പ്രാർത്ഥന: മുൻകൂർ അനുമതി വേണ്ടെന്ന് കോടതി

ബിലാസ്പൂർ: വീടുകളിൽ പ്രാർത്ഥനായോഗങ്ങൾ സംഘടിപ്പിക്കുന്നതിന് വ്യക്തികൾ മുൻകൂർ അനുമതി വാങ്ങേണ്ടതില്ലെന്ന് ഛത്തീസ്ഗഡ് ഹൈക്കോടതി വ്യക്തമാക്കി. ഹർജിക്കാർക്ക് പോലീസ് നൽകിയ നോട്ടീസുകൾ റദ്ദാക്കുന്നതായും ജസ്റ്റിസ് നരേഷ്കുമാർ ചന്ദ്രവംശി പറഞ്ഞു.

ജഞ്ഗിർ–ചമ്പാ ജില്ലയിലെ ഗോദ്ന ഗ്രാമത്തിലെ രണ്ട് പേരാണ് പരാതിയുമായി ഹൈക്കോടതിയിൽ എത്തിയത്. 2016 മുതൽ വീടിന്റെ ഒന്നാം നിലയിലുള്ള ഹാളിൽ ക്രിസ്തുമത വിശ്വാസികൾക്കായി ഇവർ പ്രാർത്ഥനായോഗങ്ങൾ സംഘടിപ്പിക്കുന്നുണ്ട്. യാതൊരു നിയമലംഘനവും ഇല്ലാതിരുന്നിട്ടും പൊലീസ് നോട്ടീസ് നൽകി, യോഗങ്ങൾ തടസ്സപ്പെടുത്തുകയാണെന്ന് ഹർജിക്കാർ ആരോപിച്ചു.

"ഹർജിക്കാരുടെ പൗരാവകാശങ്ങളിൽ പൊലീസ് ഇടപെടരുത്. അന്വേഷണത്തിന്റെ പേരിൽ അവരെ ബുദ്ധിമുട്ടിക്കരുത്" – കോടതി പറഞ്ഞു. **(2026 ഏപ്രിൽ 2 ലെ പത്രവാർത്ത)**

നിയമങ്ങൾ നടപ്പിലാക്കേണ്ട പൊലീസ് വെറും വർഗ്ഗീയവാദിയാകുമ്പോഴാണ് അവർക്ക് കണ്ണ് കാണാതെ വരുന്നത്. ഇന്ത്യയിൽ പല സ്ഥലങ്ങളിലും പൊലീസ് ഇതുപോലെ പെരുമാറുന്നുണ്ട്. ഇന്ത്യൻഭരണഘടനയുടെയും ഇവിടത്തെ നിയമവ്യവസ്ഥയുടെയും അനുയായികളായി നാട്ടിൽ സമാധാനം വരുത്താൻ കടപ്പെട്ടവർ, മതാന്ധത പിടിച്ച ചിലരുടെ കൈയിലെ ചട്ടുകങ്ങൾ എന്ന നിലയിൽ തരംതാണുപോകുന്നത് വേദനാജനകം തന്നെ. കോടതിയുടെ സ്വരം ഇത്തരക്കാരെ ഉണർത്തുമെന്ന് പ്രതീക്ഷിക്കാം. ❍

Printed, published and owned by Sebastian M.V. Printed at Chirayath Printers, Mannuthy P.O., Thrissur, Kerala-680 651. Published at Real Life, Mamparampil House, Kottekad, Kuttur P.O., Thrissur - 680 013. **Editor:** Sebastian M.V